ഉത്തരം

(എ) കൊല്ലം ജില്ലയിൽ ചാത്തന്നൂർ ഭാഗത്ത് പൂങ്കുലച്ചാഴിയുടെ ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 0.01% വീര്യത്തിൽ എൻഡോസൾഫാൻ എന്ന കീടനാശിനി ഉപയോഗിക്കാവുന്നതാണ്.

(സി) ഉണ്ട്.

(ഡി) കൃഷി ഡയറക്ടറേറ്റിലെ ദ്രുതകർമ്മവിഭാഗം സ്ഥലം സന്ദർശിച്ച് വേണ്ട പ്രതിരോധ നടപടികൾ ആരംഭിക്കുവാനും കർഷകരെ ബോധവൽക്കരിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കായംകുളം മണ്ഡലത്തിലെ മണ്ഡരി രോഗം

159 (1214) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡരി രോഗം കായംകുളം മണ്ഡലത്തിൽ വ്യാപകമാണെന്ന് റിപ്പോർട്ടുണ്ടോ ; എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) കായംകുളത്തുള്ള സി. പി. സി. ആർ. ഐ. യുടെ സഹായങ്ങൾ മണ്ഡരി രോഗം തടയുന്നതിന് ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദീകരിക്കുമോ ;

(ഡി) മണ്ഡരിരോഗം തടയാൻ കായംകുളം മണ്ഡലത്തിൽ ലഭ്യമാക്കിയിട്ടുള്ള സർക്കാർ ധനസഹായത്തിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കായംകുളത്ത് മണ്ഡരി ബാധയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തുകളുടെയും കൃഷി വകുപ്പിന്റെയും ആഭിമുഖ്യത്തിൽ മണ്ഡരിബാധക്കെതിരെ മരുന്നുതളി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. മരുന്നുതളി സംബന്ധിച്ച് ബോധവൽക്കരണത്തിനായി വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ചർച്ച ക്ലാസ്സുകൾ നടന്നുവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) മണ്ഡരി കീടത്തിന്റെ ആക്രമണം കണ്ടതുമുതൽ സി.പി.സി.ആർ.ഐ. ഇതുമായി ബന്ധപ്പെട്ട് പരീക്ഷണങ്ങൾ, ശുപാർശകൾ, ബോധവൽക്കരണം ഇവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു. സർക്കാർ നിയോഗിച്ച ഉന്നതതല കമ്മിറ്റിയിൽ സി.പി.സി.ആർ.ഐ. യിലെ സീനിയർ ശാസ്ത്രജ്ഞന്മാരായ ഡോ. രാധാകൃഷ്ണൻ നായർ, ഡോക്ടർ സതിഅമ്മ എന്നിവരും അംഗങ്ങളാണ്.

(ഡി) ധനസഹായത്തിന്റെ ആദ്യ ഗഡുവായി മണ്ഡലത്തിന് 11,12,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly